www.landwaynews.com

LANDWAY
BRINGING YOU CLOSER TO GOD

# ലാൻഡ്‌വേ NEWS


Kannur Edition

16 ജൂലൈ July 2021

സത്യം സമത്വം സാഹോദര്യം

Volume No.1 • Issue No.43 Yearly Subscription: INR = 730/- • Published From Pathanamthitta • Mail: landwaynews@gmail.com • WhatsApp: +91 9447440441 (Mr. Jothindran, Kannur Edition +91 9048643110)

## അഞ്ചുപേർക്ക് കൂടി സിക്ക വൈറസ് സ്ഥിരീകരിച്ചു



സംസ്ഥാനത്ത് അഞ്ചുപേർക്ക് കൂടി സിക്ക വൈറസ് സ്ഥിരീകരിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആലപ്പുഴ എൻ.ഐ.വിയിൽ നടത്തിയ പരിശോധനയിലാണ് ഇവർക്ക് സിക്ക വൈറസ് സ്ഥിരീകരിച്ചത്.

ആനയറ സ്വദേശികളായ രണ്ടുപേർക്കും കുന്നുകുഴി, പട്ടം, കിഴക്കേകോട്ട എന്നിവിടങ്ങളിലെ ഒരാൾക്ക് വീതവുമാണ് സിക്ക വൈറസ് സ്ഥിരീകരിച്ചത്. ആനയറ സ്വദേശിനി (35), ആനയറ സ്വദേശിനി (29), കുന്നുകുഴി സ്വദേശിനി (38), പട്ടം സ്വദേശി (33), കിഴക്കേക്കോട്ട സ്വദേശിനി (44) എന്നിവർക്കാണ് സിക്ക വൈറസ് ബാധിച്ചത്.

ഇതിൽ നാലുപേരുടെ സാമ്പിളുകൾ രണ്ടു സ്വകാര്യ ആശുപത്രികളിൽനിന്നും അയച്ചതാണ്. ഒരെണ്ണം സർവയലൻസിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ശേഖരിച്ച സാമ്പിളാണ്.

അതേസമയം 16 പേരുടെ പരിശോധനാഫലം നെഗറ്റീവായി. ഇതോടെ സംസ്ഥാനത്ത് ആകെ 28 പേർക്കാണ് സിക്ക വൈറസ് സ്ഥിരീകരിച്ചത്.

## ജർമനിയിൽ മഴയിൽ കനത്ത നാശനഷ്ടം 33 പേർ മരിച്ചു



**നിരവധി വാഹനങ്ങളും കെട്ടിടങ്ങളും വെള്ളപ്പാച്ചിലിൽ ഒലിച്ചുപോയിട്ടുണ്ട്. 70 പേരെ കാണാനില്ലെന്നും റിപ്പോർട്ടുണ്ട്.**

ജർമനിയിൽ കനത്ത മഴയെത്തുടർന്നുണ്ടായ അപകടങ്ങളിൽ 33 പേർ മരിച്ചു. വിവിധ ഭാഗങ്ങളിൽ വെള്ളപ്പൊക്കവും മറ്റു ദുരന്തങ്ങളുമുണ്ടായി. ജനങ്ങൾ പരിഭ്രാന്തരാണ് അഹർവീലർ സംസ്ഥാനത്താണ് ഏറ്റവും കൂടുതൽ നാശ നഷ്ടം ഉണ്ടായത്. ഇവിടെ 18 പേർ മരണപ്പെട്ടു. landwaynews.com

## വരനെ ആവശ്യമുണ്ട്

തക്കതായ കാരണത്താൽ കോടതി മുഖേനേ നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയ Medical Lady Doctor (MBBS,MD,Diabetologist) പെന്തെക്കോസ്ത് വിശ്വാസി 33/160, സിറിയൻ ക്രിസ്ത്യാനികളായ ഇതേ നിലവാരത്തിൽ ജോലിയും ദൈവ ഭയമുള്ളതുമായ പെന്തെക്കോസ്ത് യുവാക്കളുടെ ബന്ധുക്കളിൽ നിന്നും വിവാഹ ആലോചനകൾ ഉടൻ ക്ഷണിച്ചു കൊള്ളുന്നു.

**വിളിക്കേണ്ട നമ്പർ:**
**+91 96 45 440 441**

## മൂന്ന് വിദ്യാർഥികൾ പിടിയിൽ

ഡിഎംഎയും കഞ്ചാവും പോലീസ് പിടിച്ചെടുത്തു. കല്ലൂർ സ്റ്റേഡിയത്തിന് സമീപം ലഹരി മരുന്ന് വ്യാപാരം നടക്കുന്നതായി പോലീസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

ഇതേ തുടർന്ന് പോലീസും പ്രത്യേക സ്ക്വാഡും നടത്തിയ പരിശോധനയിലാണ് ബൈക്കിലെത്തിയ മൂന്ന് വിദ്യാർഥികൾ പിടിയിലായത്. landwaynews.com

## അറിയിപ്പ്

എല്ലാ ദിവസവും അതിരാവിലെ പുത്തൻ വാർത്തകളുമായി നിങ്ങളുടെ മുമ്പിൽ ഞങ്ങൾ കൂടെയുണ്ട്. കണ്ണൂർ ജില്ലയിലെ എല്ലാവിധ വാർത്തകൾക്കും പരസ്യങ്ങൾക്കും ഞങ്ങളുടെ പ്രതിനിധിയായ ശ്രീ.ജോതിദ്രൻ, മൊബൈൽ നമ്പർ +91 9048643110 ബന്ധപ്പെടാവുന്നതാണ്.

**വിവാഹ പരസ്യം ഒരു ദിവസത്തേക്ക് കേവലം 200 രൂപ മാത്രം**



പത്താംക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ തളിപ്പറമ്പ് മൂത്തേടത്ത് സ്കൂളിലെ വിദ്യാർഥി ധീരജ് കുമാർ.

പി രാഷ്ട്രദീപിക തളിപ്പറമ്പ് ഏരിയ മാനേജർ രജിത്ത് കുമാറിന്റെ മകനാണ്.

## വിദ്യാർഥികളെ ഡി.വൈ.എഫ്.ഐ അനുമോദിച്ചു



**അഞ്ചരക്കണ്ടി:** ഡി.വൈ.എഫ്.ഐ കുഴിമ്പാലോട് മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മേഖലാ പരിധിയിൽ SSLC പരീക്ഷയിൽ മുഴുവൻ വിഷയത്തിലും A+ നേടിയ 25 വിദ്യാർഥികളെ വീടുകളിൽ പോയി അനുമോദിച്ചു. അനുമോദന പരിപാടി ജില്ലാ കമ്മിറ്റി അംഗം പി. അനൂപ് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ബ്ലോക്ക് ട്രഷറർ സി.പി. രജിത്, ബ്ലോക്ക് ജോയിന്റ് സെക്രട്ടറി നിജിൻ എസ്, മേഖലാ സെക്രട്ടറി കെ. സൂരജ്, പ്രസിഡന്റ് പി. പ്രജിൽ, ട്രഷറർ എ.എൻ. ദിജിൽ തുടങ്ങിയവർ പങ്കെടു

## സഞ്ചയനം



**സഞ്ചയനം ഇന്ന്,**
16 7 2021 വെള്ളി,
ഞങ്ങളുടെ എല്ലാമായ കസ്തൂരി ചാൽ ഓമന അമ്മയുടെ നിര്യാണത്തിൽ നേരിട്ടും ഫോണിലൂടെയും അനുശോചനം അറിയിച്ചവർക്കും ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നവർക്കും കൃതജ്ഞത അറിയിക്കുന്നു സ്നേഹപൂർവ്വം ജി. ബാപ്പു മേസ്തിരി ഷീല ദേവി. ജി, രാജേന്ദ്രൻ, ജി. മുരളീധരൻ, ടി, രതീശൻ, ഷീജ,വി, ടി. ഒ. പത്മാവതി, ബന്ധുമിത്രാദികൾ പേരമക്കൾ.

## അടിയന്തര ഇടപ്പെടലിന് 27 ലക്ഷം രൂപ അനുവദിച്ചു

**കണ്ണൂർ:** ഇന്നലെ ചേർന്ന സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി യോഗമാണ് തുക അനുവദിച്ചത്. പാപ്പിനിശേരി ക്രിസ്ത്യൻ പള്ളി മുതൽ വളപട്ടണം പാലം ജങ്ഷൻ വരെയുള്ള ഭാഗത്ത് സിംഗിൾ ലൈൻ ട്രാഫിക് നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായാണ് തുക അനുവദിച്ചത്. കെ.വി സുമേഷ് എം.എൽ.എയുടെ ഇടപടെലിനെ തുടർന്നാണ് നടപടി.

മന്ത്രിയുടെ നിർദ്ദേശപ്രകാരം ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കാൻ റോഡ് സുരക്ഷാ അതോറിറ്റിക്ക് എം.എൽ.എ നൽകിയ അപേക്ഷ പരിഗണിച്ചാണ് ഇപ്പോൾ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 27 ലക്ഷം രൂപ അനുവദിച്ചത്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാവശ്യമായ ആദ്യഘട്ട പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്ന് കെ.വി. സുമേഷ് എം.എൽ.എ അറിയിച്ചു. landwaynews.com

## ലോക പാമ്പ് ദിനമായ ജൂലൈ 16 -ന് പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിൽ വിപുലമായ പരിപാടി

**തളിപ്പറമ്പ്:** ലോക പാമ്ബ് ദിനമായ നാളെ പറശ്ശിനിക്കടവ് എം.വി.ആർ സ്നേക്ക് പാർക്ക് ആൻഡ് സൂ വിപുലമായ പരിപാടികൾ സംഘടിപ്പിക്കുമെന്ന് പാർക്ക് ഡയറക്ടർ പ്രൊഫ. ഇ. കുഞ്ഞിരാമൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. രാവിലെ ഒൻപതിന് എം.വി. നികേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ വനം മന്ത്രി എ .കെ ശശീന്ദ്രൻ ദിനാചരണം ഉദ്ഘാടനം ചെയ്യും. സി.ഇ.ഒ അവിനാഷ് ഗിരിജ ആമുഖ പ്രസംഗം നടത്തും. ചടങ്ങിൽ മികച്ച സൂ കീപ്പർ അവാർഡ് തിരുവനന്തപുരം മൃഗശാലയിലെ സൂ കീപ്പർ എ.എസ്. ഹർഷാദിന് മരണാനന്തര ബഹുമതിയായി സമർപ്പിക്കും. പാർക്കിന്റെ വിർച്ചൽ ടൂർ ഉദ്ഘാടനവും മന്ത്രി ശശീന്ദ്രൻ നിർവഹിക്കും. വന്യജീവികളെ രക്ഷിക്കുന്ന കണ്ണൂരിലെ സ്നേക്ക് റെസ്ക്യൂവേഴ്സിനെ ചടങ്ങിൽ മന്ത്രി എം.വി. ഗോവിന്ദൻ അനുമോദിക്കും. സ്നേക്ക് പാർക്കിൽ പുതുതായി തുടങ്ങുന്ന വൈൽഡ് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. landwaynews.com

EDITORIAL BOARD
CHIEF EDITOR:
Dr. Santhosh Pandalam,
EDITORS:
Sherly Santhosh,
Dr. Jipson Lawrance,
(Delhi Edition)
Sub Editors
Joy Varghese Elanthoor,
Rajesh John,
Associate Editors:
Shiju John Samuel,
Pratheep Thomas,
ADVERTISING AND CIRCULATION
Dr. Jess Paul,
MEDIA TECHNICIAN'S HEAD
Evg. Josin Samuel,
SOCIAL MEDIA INFLUENCER
Tengsy Thomas,

ADVISORY BOARD:
Godwin Y. D • Shibu Pappad •
Mohan George •
Shibu Mullamkattil •
Thomas Palakkuzhy •
Jacob Kottarakkara •
Fr. Dicruz Kandamangalam,
Sam Pallom •

LEGAL ADVISOR
Adv. S. Pramod, NTA

REPORTERS:
UAE Coordinator & Reporter
Duglas Joseph
USA Coordinator & Reporter
Sajan George (USA), Philedelphia
Avinash Thankachan (USA)
Biju Daniel (Southampton, UK)
Daniel Eppachan (AUSTRALIA)
Das P. Vilakudy (SHARJAH)
Siby George (DUBAI)
Sheena Sonu (ABUDHABI)
Bose B Varghese (BAHRAIN)
Jobin Gilgal (KUWAIT)
C. John (DELHI)
Simon John Mathew (Alappuzha)
REPORTING AND MARKETING
Sunil Pathanapuram

Our Address:
LANDWAY NEWS,
Post Box No: 1,
Pandalam P.O.,
Pathanamthitta Dist,
Kerala, India.
Pin: 689501.
Phone: +91 9447440441,
email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

Yearly Subscription
INDIA: Rs. 730
USA: Dollars - 100
Canada: Dollars 120
UK: Pounds - 50
Gulf: Rs. 6000

വരിസംഖ്യ?
ലാൻഡ്‌വേ യുടെ വരിസംഖ്യകളും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India.

Bank Details
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

# മാസ്റ്റർ കാർഡിന് ഇന്ത്യയിൽ വിലക്കേർപ്പെടുത്തി ആർബിഐ



ബാങ്കിങ് ഇടപാട് രംഗത്ത് എല്ലാവർക്കും സുപരിചിതമായ ഒന്നാകും മാസ്റ്റർകാർഡ്. ആഗോള കാർഡ് ശൃംഖലയായ മാസ്റ്റർകാർഡിന് ഇന്ത്യയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വിലക്കേർപ്പെടുത്തി. പുതിയ ഉപഭോക്താക്കളെ ചേർക്കുന്നതിനാണ് ആർബിഐ ബുധനാഴ്ച വിലക്കേർപ്പെടുത്തിയത്. landwaynews.com

ഡാറ്റാ സംഭരണ മാനദണ്ഡങ്ങൾ പാലിക്കാത്ത പശ്ചാത്തലത്തിലാണ് നടപടിയെന്ന് ആർബിഐ വ്യക്തമാക്കി. മതിയായ സമയം അനുവദിച്ച് നൽകിയിട്ടും പേയ്മെന്റ് സിസ്റ്റം ഡാറ്റ സംഭരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ മാസ്റ്റർ കാർഡിന് കഴിയാത്തതായി കണ്ടെത്തി. നിലവിലെ മാസ്റ്റർകാർഡ് ഉപയോക്താക്കൾക്ക് സേവനങ്ങളിൽ തടസ്സം നേരിടില്ല.

പുതിയ ഉപഭോക്താക്കളെ ചേർക്കുന്നതിൽ നിന്നാണ് വിലക്ക്. ആർബിഐ വ്യക്തമാക്കി. 2018 ഏപ്രിലിൽ പ്രഖ്യാപിച്ച ഡാറ്റ സംഭരണ മാനദണ്ഡങ്ങൾ, എല്ലാ സിസ്റ്റം പ്രൊവൈഡർമാരും കാർഡുകൾ പ്രവർത്തിപ്പിക്കുന്ന പേയ്മെന്റ് സംവിധാനങ്ങളുമായി ബന്ധപ്പെട്ട ഡാറ്റ ഇന്ത്യയിലെ പ്രസ്തുത സിസ്റ്റത്തിൽ സംഭരിച്ച് രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിരുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആറ് മാസത്തെ സമയപരിധിയും ആർബിഐ നൽകിയിരുന്നു. ഇതിൽ വീഴ്ച വരുത്തിയതിനാണ് നടപടി.




# കിണറിൽ കുടുങ്ങിയ നാല് പേർ മരിച്ചു

**കൊല്ലം:** കുണ്ടറ പെരുമ്പുഴയിൽ കിണർ കുഴിക്കുന്നതിനിടെയുണ്ടായ അപകടത്തിൽ നാലുപേർ മരിച്ചു. നൂറടിയോളം താഴ്ചയുള്ള കിണറ്റിൽ കുടുങ്ങി ശ്വാസം മുട്ടിയായിരുന്നു മരണം. കിണറിൽ ചെളിനീക്കുന്നതിനിടെയാണ് അപകടം.

കുണ്ടറ സ്വദേശികളായ രാജൻ (35), സോമരാജൻ (54), ശിവപ്രസാദ് (24), മനോജ് (32) എന്നിവരാണ് മരിച്ചത്. പെരുമ്പുഴ കോവിൽമുക്കിൽ രാവിലെ പത്തുമണിയോടെയായിരുന്നു അപകടം.

രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ ഒരു ഫയർഫോഴ്സ് ഉദ്യോഗസ്ഥന് ദേഹാസ്വാസ്ഥ്യമുണ്ടായിതിനു പിന്നാലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. landwaynews.com

# 91 മണിക്കൂറിനുള്ളിൽ 107 പ്രസവം നടത്തി റെക്കോർഡിട്ട് അമേരിക്കയിലെ ആശുപത്രി

ടെക്സാസിലുള്ള ബയ്ലർസ്കോട്ട് ആൻഡ് വൈറ്റ് ഓൾ സെയിന്റ് മെഡിക്കൽ സെന്ററിലെ ആൻഡ്രൂവുമൺ ആശുപത്രിയാണ് റെക്കോർഡ് നേട്ടം കൈവരിച്ചത്. സാധാരണഗതിയിൽ ദിവസേന ശരാശരി 16 പ്രസവങ്ങളാണ് ആൻഡ്രൂവുമൺ ആശുപത്രിയിൽ നടക്കാറുള്ളത്.

ടെക്സാസിൽ ഏറ്റവും കൂടുതൽ പ്രസവങ്ങൾ നടക്കുന്ന ആശുപത്രിയായി ഇതിനെ കണക്കാക്കാറുണ്ട്. എന്നാൽ, ജൂൺ 24 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ 107 പ്രസവമാണ് ആശുപത്രിയിൽ നടന്നത്. 48 മണിക്കൂറിനിടെ 41 പ്രസവങ്ങൾ എന്ന ആശുപത്രിയുടെ പഴയ റെക്കോർഡാണ് ഇതോടെ തകർക്കപ്പെട്ടത്. ഫേസ്ബുക്ക് പോസ്റ്റിലൂടെ ആശുപത്രി തന്നെയാണ് ഇക്കാര്യം അറിയിച്ചത്.

പ്രസവ വിഭാഗത്തിലെ ഡോക്ടർമാരും ജീവനക്കാരും കുറച്ച് ദിവസം തിരക്കിലായിരുന്നു എന്നും 91 മണിക്കൂറിനിടെ 107 പ്രസവം നടന്നു എന്നും ഫേസ്ബുക്ക് പോസ്റ്റ് പറയുന്നു. കോവിഡിനെ തുടർന്ന് ആദ്യഘട്ടത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ ഡിസംബർ, ജനുവരി മാസത്തിൽ പ്രസവത്തിൽ വലിയൊരു കുതിച്ചു ചാട്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നതായി ഗുഡ്മോണിംഗ് അമേരിക്കയ്ക്ക് നൽകിയ അഭിമുഖത്തിൽ പ്രസവ വിഭാഗത്തിലെ നഴ്സായ മിഷേൽ സ്റ്റെല്ലി പറയുന്നു. എന്നാൽ പ്രതീക്ഷിച്ചത് പോലെ അത് സംഭവിച്ചില്ല. സാധാരണ എണ്ണം പ്രസവങ്ങൾ തന്നെയാണ് ഈ കാലഘട്ടത്തിൽ നടന്നത്. എന്നാൽ, ഇപ്പോൾ അന്ന് പ്രതീക്ഷിച്ചതു പോലെ പ്രസവങ്ങളുടെ എണ്ണം കൂടിയിരിക്കുന്നു മിഷേൽ വിശദീകരിച്ചു.

പ്രസവങ്ങളുടെ എണ്ണം കൂടുന്നത് സ്വാഭാവികമായും തങ്ങളുടെ ജോലിഭാരം വർദ്ധിപ്പിക്കും എങ്കിലും പുതിയൊരു കുഞ്ഞിനെ സ്വാഗതം ചെയ്ത് രക്ഷിതാക്കളുടെ സന്തോഷത്തിൽ ഭാഗമാകുന്നത് ആനന്ദം നൽകുന്ന കാര്യമാണെന്നും മിഷേൽ കൂട്ടിച്ചേർത്തു. പ്രസവത്തിന് ശേഷം അമ്മയെ ലേബർ റൂമിൽ നിന്ന് പെട്ടെന്ന് മാറ്റിയാണ് കൂടുതൽ പ്രസവങ്ങൾ സുഗമമായി തന്നെ നടത്തിയത്. പ്രസവത്തിന് ശേഷം അമ്മയുടെ ആരോഗ്യം വീണ്ടെടുത്ത ഉടൻ ലേബർ റൂമിൽ നിന്ന് മറ്റ് റൂമിലേക്ക് ഇവരെ മാറ്റി അടുത്ത ഗർഭിണിയെ പ്രവേശിപ്പിക്കുകയാണ് ചെയ്ത്. പ്രസവങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് ഒറ്റപ്പെട്ട സംഭവമല്ല എന്നാണ് ആശുപത്രി ജീവക്കാർ വിശ്വസിക്കുന്നത്. കോവിഡ് മഹാമാരി കാരണമുള്ള ലോക്ക്ഡൗൺ ആണ് ഇതിന് കാരണം എന്നാണ് കരുതുന്നത്.

വരും ദിവസങ്ങളിൽ ജനനനിരക്ക് വലിയ രീതിയിൽ വർദ്ധിക്കാൻ ഇടയുണ്ടെന്നും ആശുപത്രി അധികൃതർ കരുതുന്നു. കഴിഞ്ഞവർഷം 6000 പ്രസവങ്ങളാണ് ആൻഡ്രൂ വുമൺ ആശുപത്രിയിൽ നടന്നത്. ഇതിൽ 100 ഇരട്ടക്കുട്ടികളും രണ്ടുമൂന്ന് കുട്ടികളും ഉൾപ്പെടുന്നു. കോവിഡ് ലോക്ക്ഡൗണിന് പിന്നാലെ ഇന്ത്യയിലും ജനനനിരക്കിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. landwaynews.com

അതേസമയം, ഇന്ത്യയിൽ കോവിഡ് കാലഘട്ടത്തിൽ ധാരാളം പേർ ഗർഭം അലസിപ്പിക്കാൻ ഡോക്ടർമാരുടെ സഹായം തേടിയെന്നും റിപ്പോർട്ട് ഉണ്ട്.



# ഖത്തറിൽ ഓൺ അറൈവൽ വിസ അനുവദിക്കുന്നു



ഖത്തറിൽ ഓൺ അറൈവൽ വിസ അനുവദിക്കാനുള്ള തീരുമാനം പ്രവാസികൾക്ക് ഏറെ ആശ്വാസമാകും. സൗദിയിലേക്ക് തിരിച്ചുവരാൻ ഒട്ടേറെ പേരാണ് നാട്ടിലുള്ളത്. നാട്ടിലുള്ള നിരവധി പേർക്ക് ഇത് വഴി ചുരുങ്ങിയ നിരക്കിൽ തന്നെ സൗദിയിലെത്താൻ സാധിക്കും. വിസക്ക് പ്രത്യേക ഫീസ് ഇല്ല.

ഈ മാസം 15 മുതൽ ടൂറിസ്റ്റ് വിസ അനുവദിക്കാനുള്ള മാലദ്വീപിന്റെ തീരുമാനവും സൗദിയിലേക്കുള്ള യാത്രക്ക് ഏറെ ഉപകാരപ്രദമാകും. മടങ്ങിവരുന്നവർ ടിക്കറ്റ് നിരക്കും ഖത്തറിലെ ഹോട്ടൽ ചെലവും മാത്രമാണ് വഹിക്കേണ്ടി വരിക. ഖത്തറിൽ നിന്ന് സൗദിയിലേക്കുള്ള വിമാന ടിക്കറ്റ് നിരക്കും കുറവാണ്. തിങ്കളാഴ്ച മുതലാണ് ഖത്തറിൽ പുതിയ യാത്രാ നയം പ്രാബല്യത്തിൽ വന്നത്.

ഇതിലാണ് ഇന്ത്യാക്കാർക്കുള്ള ഓൺ അറൈവൽ യാത്രാ സൗകര്യം കൂടി അനുവദിക്കാൻ ധാരണയുള്ളത്. ഇതു സംബന്ധിച്ച് സർക്കാർ കേന്ദ്രങ്ങളിൽ നിന്ന് അനുമതി ലഭിച്ചതായി ടൂറിസം മേഖലയിലുള്ളവർ അറിയിച്ചിട്ടുണ്ട്. എന്നാൽ, എന്നുമുതൽ അനുവദിച്ചു തുടങ്ങും എന്നതിൽ ഇതുവരെ വ്യക്തതയില്ല.

ഖത്തർ അംഗീകൃത വാക്സിൻ രണ്ട് ഡോസും സ്വീകരിച്ചവർക്കാണ് ക്വാറന്റീൻ ഇല്ലാതെ ഖത്തറിലേക്ക് പ്രവേശിക്കാനാകുക. രണ്ടാം ഡോസ് വാക്സിനെടുത്ത് 14 ദിവസം കഴിഞ്ഞവരായിരിക്കണമെന്ന് മാത്രം.

യാത്രക്ക് 12 മണിക്കൂർ മുമ്പായി ഖത്തറിന്റെ ഇഹ്തിറാസ് വെബ്സൈറ്റിൽ (https://www.ehteraz.gov.qa) രജിസ്റ്റർ ചെയ്ത് യാത്രാനുമതി ലഭിച്ചാലേ യാത്രക്ക് സാധിക്കൂ. വരും ദിവസങ്ങളിൽ നാട്ടിൽ കുടുങ്ങിയ നിരവധി പ്രവാസികൾ ഖത്തർ വഴിയും മാലദ്വീപ് വഴിയും സൗദിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. landwaynews.

വിവാഹ പരസ്യം ഒരു ദിവസത്തേക്ക്
കേവലം 200 രൂപ മാത്രം
മൊബൈൽ നമ്പർ +91 9447440441

### വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്കും

# ലൈസൻസ് നിർബന്ധം

HOW TO GET

DOG LICENSE



വീട്ടിൽ വളർത്തുന്ന മൃഗങ്ങൾക്ക് ലൈസൻസ് എടുക്കണമെന്ന് ഹൈക്കോടതി നിർദേശം. വീട്ടിൽ മൃഗങ്ങളെ വളർത്തുന്നവർ ആറു മാസത്തിനകം ലൈസൻസെടുക്കണമെന്നാണ് ഹൈക്കോടതി നിർദേശിച്ചത്. അടിമലത്തുറ ബീച്ചിൽ ബ്രൂണോ എന്ന വളർത്തുനായയെ അതിക്രൂരമായി കൊലപ്പെടുത്തിയ സംഭവത്തിൽ സ്വമേധയാ സ്വീകരിച്ച ഹർജിയിലാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

തദ്ദേശ സ്ഥാപനങ്ങളിൽ റജിസ്റ്റർ ചെയ്തു വേണം ലൈസൻസെടുക്കാൻ. ഇക്കാര്യം വ്യക്തമാക്കി തദ്ദേശ സ്ഥാപനങ്ങൾ ഉടൻ പൊതു നോടിസ് പുറപ്പെടുവിക്കണമെന്നും ഇതിനു സംസ്ഥാന സർക്കാർ നിർദേശം നൽകണമെന്നും കോടതി വ്യക്തമാക്കി. landwaynews.com

ഇനി വളർത്തുമൃഗങ്ങളെ വാങ്ങുന്നവർ മൂന്നു മാസത്തിനകം ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ കൊണ്ടുവരണമെന്നും ആവശ്യമെങ്കിൽ ലൈസൻസ് ഫീസ് ഏർപ്പെടുത്താവുന്നതാണെന്നും ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് പി. ഗോപിനാഥ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.




# സാമൂഹ്യക്ഷേമ പെൻഷൻ/വികലാംഗ പെൻഷൻ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പുന:പരിശോധിക്കുക



**കണ്ണൂർ:** സമൂഹത്തിൽ വളരെയേറെ അവശത അനുഭവിക്കുന്നവരും സാമൂഹ്യശ്രദ്ധ ഏറെ ആവിശ്യമുള്ളവരുമാണല്ലോ വികലാംഗർ.നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷയുടെ ഭാഗമായി നൽകിവരുന്ന പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കേണ്ടത് അത്യാവശ്യമാണ്. landwaynews.com

കണ്ണൂർ കോർപ്പറേഷനിൽ നിലവിൽ 2233 ഗുണഭോക്താക്കൾക്ക് വികലാംഗപെൻഷൻ ലഭിച്ചുവരുന്നുണ്ട്.എന്നാൽ നിലവിലെ സർക്കാർ ഉത്തരവ് MS NO-97/2020 നമ്പർ പ്രകാരമുള്ള (D) വകുപ്പിൽ പ്രതിപാദിക്കുന്ന ഭൗതിക സാഹചര്യങ്ങളുടെ പരിശോധനയിൽ പറയുന്ന കാര്യങ്ങൾ വികലാംഗ പെൻഷന് അപേക്ഷിക്കുന്നവർക്ക് ഒഴിവാക്കി നൽകേണ്ടതായിട്ടുണ്ട്.ഇപ്പോൾ മാനദണ്ഡങ്ങൾ പ്രകാരം വളരെയേറെ അപേക്ഷകൾ തള്ളേണ്ട സാഹചര്യമാണുള്ളത്.സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം 1 ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനം ഉള്ളവരായിരിക്കണം എന്നാണ്. എന്നാൽ ഈ നിബന്ധന പ്രകാരം വ്യക്തിയുടെ വരുമാനത്തെ അല്ല പ്രതിപാദിക്കുന്നത് കുടുംബ വാർഷിക വരുമാനത്തെയാണ്. ഇതുപ്രകാരം രണ്ടു കുട്ടികളുള്ള ഒരു കുടുംബത്തിലെ ഒരു കുട്ടിക്ക് ജോലി ഉണ്ട് എന്ന കാരണത്താൽ ഭിന്നശേഷിക്കാരനായ കുട്ടിക്ക് ആനുകൂല്യം നഷ്ട്ടപെടുന്ന സാഹചര്യം നിലവിൽ ഉണ്ട്.അതുപോലെ തന്നെ വീടിന്റെ വിസ്ത്തീർണ്ണവും,നാല് ചക്ര വാഹനം വീട്ടിൽ ഉണ്ട് എന്ന കാരണത്താലും പല അപേക്ഷകളും തള്ള പ്പെടുകയാണ്.ഇതൊക്കെ കുടുംബം പരിഗണിച്ചുകൊണ്ടാണ് തഴയപെടുന്നത്.അതിനാൽ സാമൂഹ്യക്ഷേമ,വികലാംഗ പെൻഷൻ അപേക്ഷകൾ വ്യക്തികളെ പരിഗണിച്ച് കൊണ്ട് പെൻഷൻ നൽകേണ്ടതാണ്. വികലാംഗർക്ക് വികലാംഗൻ എന്ന മാന ദണ്ഡത്തിലും,വിധവകൾക്ക് വിധവ എന്ന മാന ദണ്ഡത്തിലും മാനദണ്ഡങ്ങൾ വ്യക്തികതമാക്കിയും സർക്കാർ ഉത്തരവിലെ നിബന്ധനകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സാമൂഹ്യ വകുപ്പ് മന്ത്രി ശ്രീമതി,പ്രൊഫ:ആർ.ബിന്ദു,പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ,കണ്ണൂർ നിയോജക മണ്ഡലം എം.എൽ.എ രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർക്ക് കണ്ണൂർ കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൻ ഷമീമ ടീച്ചർ നിവേദനം നൽകി.

## മൂന്നു ദിവസം റജിസ്റ്റർ ചെയ്തതു 190 കോവിഡ് വയലേഷൻ കേസ്സുകൾ

**കണ്ണൂർ** സിറ്റി പോലീസ് പരിധിയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ 12/07/2021 മുതൽ 14/07/2021 വരെയുള്ള തിയ്യതികളിലായി 190 കോവിഡ് വയലേഷൻ കേസ്സുകൾ റജിസ്റ്റർ ചെയ്തു.

പോലീസ് ആരോഗ്യ വകുപ്പ് റവന്യൂവിഭാഗവും സംയുക്തമായി 2933 കോവിഡ് ബാധിതരുടെയും ക്വാറന്റയിനിൽ കഴിയുന്നവരുടെയും വീടുകളിൽ സന്ദർശനം നടത്തി. പോലീസ് ബൈക്ക് പട്രോൾ ടീം 2547 കോവിഡ് ബാധിതരെയും ക്വാറന്റയിനിൽ കഴിയുന്നവരെയും നേരിൽ കണ്ടു ക്ഷേമാന്വേഷണങ്ങൾ നടത്തി. പോലീസ് 2493 ഫോൺ കോളുകളിലൂടെ രോഗികളുമായി ബന്ധപ്പെട്ടു.

884 പേർക്കു പുതുതായി കോവിഡ് സേഫ്റ്റി ആപ്ലികേഷൻ ഇൻസ്റ്റാൾ ചെയ്തു നല്കി. സാമൂഹിക അകലം പാലിക്കാത്തതിന് 56 പേർക്കെതിരെ കേസ്സ് റജിസ്റ്റർ ചെയ്തു, 362 പേർക്കെതിരെ ഫൈൻ ഈടാക്കിയും 149 പേർക്ക് നോട്ടീസ് നല്കുകയും ചെയ്തു. landwaynews.com

KERALA Edition
LANDWAY NEWS
Published From Pathanamthitta | Kerala Edition
Volume No. 1 | Issue No. 197 | Page No. 4
SCAN TO READ ONLINE
www.landwaynews.com
FOR CONTACT:
Landway News,
Olive Thottathil, Thumpamon P. O,
Pathanamthitta Dist, Kerala, India
Pin - 689502
Volume No.1 • Issue No. 197 Yearly Subscription: INR 730/- • Published From Pathanamthitta • Mail: landwaynews@gmail.com • WhatsApp: +91 9447440441.


## വധുവിനെ ആവശ്യമുണ്ട്

പത്തനംതിട്ട ജില്ലയിൽ സമ്പത്തിക ഭദ്രതയുള്ള ഓർത്തഡോക്സ് കുടുംബത്തിൽ നിന്നും (ഏക മകൻ) ഒറ്റക്ക് പെന്തെക്കോസ്ത് വിശ്വാസത്തിൽ (38/180 cm) കമ്പ്യൂട്ടർ ഡിപ്ലോമ പഠിച്ച വരന് വിശ്വാസികളായ വധുവിന്റെ ബന്ധുമിത്രാധികളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ:**
**+91 9961 276199**





## പെൺകുട്ടിയുടെ ചിത്രം മോർഫ് ചെയ്ത് സാമൂഹികമാധ്യമത്തിൽ പ്രചരിപ്പിച്ച യുവാവ് പിടിയിൽ

**കു**ത്തിയതോട് സ്വദേശിനിയായ പട്ടികജാതി പെൺകുട്ടിയുടെ ചിത്രം മോർഫ് ചെയ്തശേഷം സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ച യുവാവു പിടിയിൽ. തിരുവനന്തപുരം കാഞ്ഞിരംകുളം വലവീശി കാണി പുരയിടത്തിൽ മനുദാസ് (22) ആണ് അറസ്റ്റിലായത്. landwaynews.com

ചേർത്തല ഡിവൈ.എസ്.പി. വിനോദ് പിള്ളയുടെ നേതൃത്വത്തിലുള്ള അന്വേഷണസംഘമാണ് പ്രതിയെ പിടികൂടി അറസ്റ്റ് ചെയ്തത്. പെൺകുട്ടി അംഗമായ വാട്സാപ്പ് ഗ്രൂപ്പിൽനിന്നു ശേഖരിച്ച ഫോട്ടോ, എഡിറ്റ്ചെയ്ത് മോശമായ രീതിയിൽ ചിത്രീകരിച്ച് സമൂഹമാധ്യമം വഴി പ്രചരിപ്പിക്കുകയും വീണ്ടും ചിത്രങ്ങൾ ചോദിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തതായി പരാതിയിൽ ചൂണ്ടിക്കാട്ടുന്നു. പട്ടികജാതി പട്ടികവർഗ പീഡന നിരോധന നിയമം, ഐ.ടി.ആക്ട് എന്നിവപ്രകാരമാണ് കേസെടുത്തത്.

പ്രതി ഉപയോഗിച്ചുവരുന്ന മൊബൈൽനമ്പർ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ചേർത്തല കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## പുതിയ അപ്ഡേറ്റുമായി വാട്സ്ആപ്പ്



**വാ**ട്സ്ആപ്പ് ഇനി മുതൽ ഫോൺ ഇല്ലാതെ നാലു കമ്പ്യൂട്ടറുകളിൽ വരെ ഉപയോഗിക്കാം. പുതിയ ബീറ്റാ വെർഷനിലാണ് ഈ സൗകര്യമുള്ളത്.


അപ്ഡേറ്റ് ചെയ്ത മൾട്ടി ഡിവൈസ് വെർഷൻ വാട്സ്ആപ്പ് പ്രഖ്യാപിച്ചു. ടെസ്റ്റ് പൂർത്തിയാക്കിയ ശേഷം, പുതിയ അപ്ഡേറ്റ് ലോകം മുഴുവൻ ലഭ്യമാക്കും. പുതിയ അപ്ഡേറ്റ് വരുന്നതോടെ, ഫോണിന് പുറമേ, നാല് ഡിവൈസുകളിൽ ഒരേസമയം വാട്സ്ആപ്പ് ഉപയോഗിക്കാൻ സാധിക്കും. landwaynews.com

ഫോൺ ബാറ്ററി തീർന്നാലും ഇത് ഉപയോഗിക്കാൻ സാധിക്കും വാട്സ്ആപ്പ് മേധാവി വിൽ കാച്ച്കാർട്ട് വ്യക്തമാക്കി. ഫോണുകളിൽ ലഭിക്കുന്ന അതേ സുരക്ഷയോടെ, എന്റ്ടുഎന്റ് എൻക്രിപ്ഷൻ ഉൾപ്പെടെ പുതിയ വെർഷൻ ഉപയോഗിക്കാൻ സാധിക്കുമെന്നാണ് വാട്സ്ആപ്പ് വ്യക്തമാക്കുന്നത്.

നിലവിൽ ഫോണിൽ കണക്ട് ചെയ്ത് ഒരു കമ്പ്യൂട്ടറിൽ മാത്രമേ വാട്സ്ആപ്പ് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ഇനിമുതൽ വിൻഡോസ്, മാക് ഒഎസ് എന്നിവയിൽ ഉപയോഗിക്കാം. ഓരോ ഡിവൈസിലെയും അക്കൗണ്ടുകൾ തമ്മിൽ വാട്സ്ആപ്പ് മാപ്പിങ് ഉണ്ടായിരിക്കും. landwaynews.co

മെസ്സേജ് ഏത് ഡിവൈസിലേക്കാണ് അയക്കേണ്ടത് എന്നതിന് സെർവറിന്റെ ഡിവൈസ് ലിസ്റ്റ് കീ ഓപ്ഷൻ നൽകുമെന്നും വാട്സ്ആപ്പ് വ്യക്തമാക്കി.

## നിര്യാതരായി (OBITUARY)



**ബെംഗളൂരു:** ഗ്രന്ഥകാരനും സുവിശേഷകനും ബെംഗളൂരു ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ശീലോ ഹോം മിനിസ്ട്രിയുടെ സ്ഥാപക പ്രസിഡൻറുമായ പാസ്റ്റർ ഡോ. കെ.വി. ജോൺസൺ (55) നിര്യാതനായി. സംസ്ക്കാരം ഇന്ന്. ഭാര്യ: ഡോ. ജ്യോതി ജോൺസൺ; മക്കൾ: ഡോ.ജെമി ജോൺസൺ, ജോനാഥാൻ ജോൺസൺ.



**ചണ്ണപ്പേട്ട:** വാഴയിൽ വീട്ടിൽ വി.എം തോമസ് നിര്യാതനായി. സംസ്ക്കാരം പിന്നീട്. ഭാര്യ: അന്നമ്മ തോമസ്; മക്കൾ: റോയ് തോമസ് (യു.എ.ഇ), ബിജു തോമസ് (ഡൽഹി), ഷെറി തോമസ്, പാസ്റ്റർ സിബി തോമസ് (യു.എ.ഇ), സുനിൽ തോമസ്. landwaynews.com

**ഇളമ്പൽ:** കാട്ടൂർ വീട്ടിൽ ടി. ഉഷ (49) നിര്യാതയായി. സംസ്ക്കാരം പിന്നീട്.

**തിരുവല്ല:** തിരുമൂലപുരം റിട്ട. ഡി.ടി.ഒ ഉദ്യോഗസ്ഥൻ കൊച്ചുമലയിൽ പരേതരായ കെ.ജെ ചെറിയാന്റെയും റിട്ട. അധ്യാപിക ത്രേസ്യാമ്മ ചെറിയാന്റെയും മകൻ മഹേഷ് ചെറിയാൻ (51) സൗത്ത് ആഫ്രിക്കയിൽ നിര്യാതനായി. സംസ്ക്കാരം പിന്നീട്. landwaynews.com

**കുമ്പഴ:** പരുത്തിയാനിക്കൽ ചെറിയത്ത് സോമരാജന്റെയും രമണിയുടേയും മകൻ കുമാർ സോമരാജൻ (സുരേഷ് – 43) കുവൈറ്റിൽ നിര്യാതനായി. സംസ്ക്കാരം അവിടെ. ഭാര്യ: ശ്രീലത; മക്കൾ: ഗംഗ, ഗായത്രി. landwaynews.com

**മാന്നാർ പാവുക്കര:** ചെറുകരഞ്ഞൊഴിയിൽ സി.എം മാത്യുവിന്റെ ഭാര്യ ലാലി (65) നിര്യാതയായി. സംസ്ക്കാരം പിന്നീട്. മക്കൾ: സാബു (കാനഡ), ഷാജു (സൗദി); മരുമക്കൾ: ജെയ്നി, നിസി.landwaynews.com

**മഞ്ഞനിക്കര:** തണുങ്ങാട്ടിൽ ടി.എം മാത്യൂസ് (79) നിര്യാതനായി. സംസ്ക്കാരം പിന്നീട്. ഭാര്യ: ആലീസ്; മക്കൾ: ബ്ലെസി(കാനഡ), ടെസി (മുംബൈ); മരുമക്കൾ: സാബു (കാനഡ), അജിത് (മുംബൈ). landwaynews.com

**ബുധനൂർ പടിഞ്ഞാറ്:** പുത്തൂർ വീട്ടിൽ പരേതനായ ഉണ്ണിപ്പിള്ളയുടെ ഭാര്യ കെ. ബിന്ദു (50) നിര്യാതയായി. മക്കൾ: വിഷ്ണു, ഉല്ലാസ്; മരുമകൾ: ഇന്ദുലേഖ. landwaynews.com







Published and owned by Santhosh Pandalam, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.